Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

നം.2264/സി/2013/കെഎസ്എച്ച്ഒ 14/03/2018

പ്രേഷകൻ

ഡയറക്ടർ (എ & എഫ്)
കുടുംബശ്രീ.

സ്വീകർത്താവ്

എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും

സർ,

വിഷയം: കുടുംബശ്രീ - സി.ഡി.എസ് അക്കൗണ്ടന്റുമാർക്ക് വാർഷിക വർദ്ധനവും തിരിച്ചറിയൽ കാർഡും നൽകുന്നത് - സംബന്ധിച്ച്

സൂചന: 1. 09/06/2017 ലെ സ.ഉ(എം.എസ്) നം.110/2017/തസ്വഭവ
2. 22/07/2017 ലെ ഇതേ നമ്പർ സർക്കുലർ

സൂചന (1) പ്രകാരം കുടുംബശ്രീ സി.ഡി.എസ് അക്കൗണ്ടന്റ്മാരുടെ പ്രതിമാസ വേതനം 01/01/2017 മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ചും നിലവിലെ ചട്ടങ്ങളും വ്യവസ്ഥകളും അനുസരിച്ച് 750/- രൂപ വാർഷിക വർദ്ധനവ് അനുവദിച്ചും ഉത്തരവായിരുന്നു. സൂചന (2) പ്രകാരം ജില്ലകൾക്ക് ഇതുസംബന്ധിച്ച് അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

ടി ഉത്തരവുകൾ പ്രകാരം 01/01/2017 മുതൽ ജോലിയിൽ തുടർന്ന് വരുന്നവർക്ക് 2018 ജനുവരി മുതലും പുതുതായി നിയമനം ലഭിച്ചവർക്ക് ഒരു വർഷം പൂർത്തിയാക്കുന്ന മുറയ്ക്ക് വാർഷിക വർദ്ധനവായ 750 രൂപ നൽകേണ്ടതാണ്.

കൂടാതെ സി.ഡി.എസ് അക്കൗണ്ടന്റുമാർക്ക് തിരിച്ചറിയൽ കാർഡ് (ഐ.ഡി കാർഡ്) ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ ജില്ലാ മിഷൻ സ്വീകരിക്കേണ്ടതാണ്. കാസ് ടീം അംഗങ്ങൾക്ക് നൽകിയ തിരിച്ചറിയൽ

TRIDA Building, Medical College PO, Thiruvananthapuram 695011
Tel. (0471) 255 4714, 255 4715 Fax. (0471) 255 4717
info@kudumbashree.org www.kudumbashree.org

കാർഡിന്റെ മാതൃക ഇതിനായി സ്വീകരിക്കാം. ഇതിനാവശ്യമായി വരുന്ന തുക സ്റ്റേറ്റ് പ്ലാൻ ഫണ്ടിലെ സംഘടനാ ശാക്തീകരണ ശീർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
**ഡയറക്ടർ(എ & എഫ്)**
**കുടുംബശ്രീ.**

അംഗീകാരത്തോടെ,

അക്കൗണ്ട്സ് ഓഫീസർ